അതിന്റെ റിപ്പോർട്ടിനായി വെയ്റ്റ് ചെയ്യുകയാണ്. റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ അത് ചെയ്യാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ റോഡിന്റെ കാര്യത്തിലും എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് അതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ഭൂതത്താൻകെട്ട് പ്രദേശത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് തയ്യാറാക്കിയ പ്രോജക്ട്

ശ്രീ. വി. ജെ. പൗലോസ് : സർ, നിബിഡ വനങ്ങളുടെ സാമീപ്യവും വിശേഷപ്പെട്ട ഇനം പക്ഷികളുടെ സങ്കേതവും എപ്പോഴും നിറഞ്ഞുനിൽക്കുന്ന ജലസംഭരണിയും തടാകങ്ങളും മനോഹരമായ ഉദ്യാനവും മറ്റും സഞ്ചാരികളെ അധികം ആകർഷിച്ച് കഴിഞ്ഞിട്ടുള്ളതും നിത്യേന വളരെയധികം ടൂറിസ്റ്റുകൾ വന്നുപോയ്ക്കൊണ്ടിരിക്കുന്നതുമായ ടൂറിസ്റ്റ് കേന്ദ്രമാണ് ഭൂതത്താൻകെട്ട്. ഈ കേന്ദ്രം വികസിപ്പിക്കുന്നതിനും സഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ മുൻകൈ എടുത്ത് തയ്യാറാക്കിയ പ്രോജക്ടിന്റെ പണി ഒന്നാംഘട്ടം പൂർത്തിയാക്കുകയും അതിനെത്തുടർന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റു വക സ്ഥലം ഉപയുക്തമാക്കുന്നതിന് ജലവിഭവ വകുപ്പുമന്ത്രി സ്വീകരിച്ച നടപടികളും അഭിനന്ദനാർഹമാണ്. അവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിനും മറ്റ് വിനോദപരിപാടികളിൽ ഏർപ്പെടുന്നതിനുമുള്ള സൗകര്യങ്ങൾ പരിഗണിച്ച് അടുത്ത ഘട്ടം വികസിപ്പിക്കണമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശാനുസരണം തയ്യാറാക്കിയിട്ടുള്ള ആറ് കോടി രൂപയുടെ പ്രോജക്ട് അംഗീകരിച്ച് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുകയാണ്. മഹാനഗരമായി വളർന്നു വികസിക്കുകയും നഗര ജീവിതത്തിന്റെ ശ്വാസംമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കൊച്ചിയിൽ വരുന്നവർക്ക് ഒരു മണിക്കൂർകൊണ്ട് വാഹനത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഒരു കേന്ദ്രമെന്ന നിലയിൽ ആഭ്യന്തര ടൂറിസ വികസനത്തിന്റെ ഭാഗമായി ഭൂതത്താൻകെട്ട് വികസനത്തിന്റെ കാര്യം പ്രത്യേകമായി പരിഗണിച്ച് സർക്കാരിന്റെ മുമ്പിലുള്ള പദ്ധതികൾക്ക് അംഗീകാരം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ടൂറിസവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, എറണാകുളം ജില്ലയിലെ ടൂറിസം വികസനത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട പ്രദേശമാണ് ഭൂതത്താൻകെട്ട്. നിബിഡവനങ്ങളുടെ സാന്നിദ്ധ്യവും സമൃദ്ധമായ ജലാശയങ്ങളും മനോഹരമായ ഭൂപ്രകൃതിയും പക്ഷിസങ്കേതവും വിദേശ-തദ്ദേശീയ ടൂറിസ്റ്റുകളെ അവിടേക്ക് വളരെയെറെ ആകർഷിച്ചുവരുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഈ പ്രദേശത്തിന്റെ ടൂറിസം വികസന പ്രവർത്തനങ്ങൾക്ക് 45 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. കഴിഞ്ഞ ദിവസം അതിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുകയുണ്ടായി. ഈ പ്രദേശത്തിന്റെ ടൂറിസം വികസന സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ മറ്റൊരു പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ പ്രാഥമിക പഠനം നടത്തിക്കഴിഞ്ഞു. പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിരിക്കുകയാണ്. അനുമതി കിട്ടുന്ന മുറയ്ക്ക് ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly